നം. 25988/പാർല/2018/നിയമം

നിയമ (പാർല) വകുപ്പ്

# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1998 05.12.2018 - ൽ മറുപടിക്ക്**

**<u>സംസ്ഥാന സിവിൽ സർവ്വീസിൽ ചട്ടവിരുദ്ധ നിയമനം</u>**

**ചോദ്യം**

ശ്രീ. ഹൈബി ഈഡൻ

**ഉത്തരം**

**പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

| | | |
|---|---|---|
| (എ) | സംസ്ഥാന സിവിൽ സർവ്വീസിൽ ചട്ടവിരുദ്ധമായും നിയമ വിരുദ്ധമായും യോഗ്യതകൾനേടിയ ആളുകൾ നിയമനം തരപ്പെട്ട ത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ | ക്രമപ്രകാരമല്ലാതെ സർവ്വീസിൽ പ്രവേശിച്ച വരെ കണ്ടെത്തുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ ഓഫീസുകളിൽ പരിശോധന നടത്തുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | നിയമവിരുദ്ധമായ മാർഗ്ഗത്തിലൂടെ നിയമബിരുദം കരസ്ഥമാക്കിയ ഉദ്യോഗസ്ഥൻ ഗവൺ മെന്റ്സെക്രട്ടേറിയറ്റിലെ നിയമവകുപ്പിൽ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ട ണ്ടോ; ടിയാൻ റെഗുലറായി നിയമ പഠനവും അതേസമയം തന്നെ സർക്കാർ ജോലിയും ചെയ്തിരുന്ന തായി പരാതി ഉണ്ടായിരുന്നോ; ആ പരാതിയിന്മേൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ? | ഇതു സംബന്ധിച്ച് ലഭ്യമായ ഒരു പരാതിയിന്മേൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. വിജിലൻസിൽ ഒരു സത്വരന്വേഷണവും നടന്നു വരുന്നു. |
| (സി) | വ്യാജമായി ബിരുദം തരപ്പെടുത്തിയ ഉദ്യോഗസ്ഥന് അണ്ടർസെക്രട്ടറിയായി ഉദ്യോഗ ക്കയറ്റം നൽകിയ നടപടികളെക്കുറിച്ചും അതിന് പിന്നിലെ ഗൂഢാലോചനയെക്കുറിച്ചും വിജിലൻസ് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ചീഫ് സെക്രട്ടറിക്ക് 23.7.2018-ന് പരാതി ലഭിച്ചിട്ടുണ്ടോ; ഈ പരാതിയിന്മേൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടി രുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ | ലഭിച്ച പരാതി പരിശോധിച്ചു വരുന്നു. |

| | | |
|---|---|---|
| (ഡി) | സർക്കാർ പണം തട്ടിയെടുക്കൽ, വ്യാജരേഖ ചമയ്ക്കൽ, വഞ്ചന, ചതി തുടങ്ങിയ ഗുരുതരമായ ക്രിമിനൽ കുറ്റങ്ങൾ ചെയ്ത നിയമവകുപ്പിലെ ഈ ഉദ്യോഗസ്ഥൻ സർവ്വീസിൽ തുടരുന്നത് തന്നെ കളങ്കമാണെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റിപ്പോർട്ട് ചെയ്തിരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ വിവരം സിവിൽ സർവ്വീസിന്റെ ചുമതലയുള്ള മുഖ്യമന്ത്രിയെ അറിയിക്കാതിരുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ | പരാതി പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | സർക്കാർ സർവ്വീസിനുതന്നെ അപമാനവും കളങ്കവുമാണെന്ന് പി.എസ്.സി. ചൂണ്ടിക്കാണിച്ച ഒരു ഉദ്യോഗസ്ഥനെ മുൻകാല പ്രാബല്യത്തോടെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിന് തീരുമാനമെടുത്ത ഫയലിൽ നിയമവകുപ്പ് മന്ത്രി യുടേയും മുഖ്യമന്ത്രിയുടേയും അറിവോടെയാണോ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്; ഈ ഫയൽ സംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യണമെന്ന് നിയമ വകുപ്പ് മന്ത്രി നൽകിയ നിർദ്ദേശംപാലിക്കാതെ ഉത്തരവിറക്കിയ ഉദ്യോഗസ്ഥ നെതിരെ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുമോ? | സ്ഥാനക്കയറ്റം സംബന്ധിച്ച ഫയലിൽ ബഹു.നിയമ വകുപ്പ് മന്ത്രിയും ബഹു. മുഖ്യമന്ത്രിയും കണ്ടശേഷമാണ് തീരുമാന മെടുത്തത്. സ്ഥാനക്കയറ്റം നൽകി നിയമിച്ച ഫയലിൽ ബഹു. നിയമവകുപ്പ് മന്ത്രി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ